# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അറക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.11-737/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 27/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അറക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.11-737/2021 തീയ്യതി: 27/09/2021

## ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-08-2019 മുതൽ 09-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 21-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 21-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.രാജീവ് എം.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി മരുൺ മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജിബി ഇ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ പി സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി മായാ കൃഷ്ണൻ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടോം ജോസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| | | | |

| | | | |
|---|---|---|---|
| ഭരണനിർവ്വഹണ കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 30-12-2020 |
| ശ്രീ.വിനോദ് കെ.എസ് | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീമതി സോണിയ പി. മാത്യു | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ.മധു സി.ആർ. | സെക്രട്ടറി | 09-06-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അഞ്ജു തെരേസ ജോയി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| ശ്രീമതി.ഇന്ദുലേഖ റ്റി.ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-11-2020 | 31-03-2021 |
| ശ്രീമതി.വൽസമ്മ എൻ.റ്റി | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ.ദീപ്തി എം.യു | ഗവ.ട്രൈബൽ ഗവ. യൂർവ്വേദം,മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ജീന മേരി വർഗ്ഗീസ് | ആയൂർവ്വേദം,മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മായാമാത്യു | ഹോമിയോ,മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി മേഴ്സി ജോർജ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.അനീഷ് സത്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 22-06-2020 |
| ശ്രീ.ബാബുരാജ് പി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-06-2020 | 31-03-2021 |
| ശ്രീമതി.എലിസബത്ത് | വി.ഇ.ഓ | 01-04-2020 | 21-09-2020 |
| ശ്രാമതി.അനിശ്രീ ജി നായർ | വി.ഇ.ഓ | 22-09-2020 | 31-03-2021 |
| ഡോ.അനിലാ ബേബി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.മറിയാമ്മ തോമസ് | വെറ്ററിനറി സർജൻ | 01-04-2020 | 04-07-2020 |
| ഡോ.ജെറിഷ് എം | വെറ്ററിനറി സർജൻ | 05-07-2020 | 31-03-2021 |
| ശ്രീ.മാർട്ടിൻ തോമസ് | കൃഷി ഓഫീസർ | 01-04-2020 | 15-11-2020 |

| | | | |
|---|---|---|---|
| ശ്രീതി.സുജിതമോൾ സി.എസ് | കൃഷി ഓഫീസർ | 16-11-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 16-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Marun Mathew (Asst. Audit Officer, On 12-07-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Marun Mathew (Asst. Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 14-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.S.Rajeev (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Asst. Audit Officer, On 17-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 31-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 31-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 17-07-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Marun Mathew (Asst. Audit Officer, On 19-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-11 |
| 12 | വാടക ഈടാക്കാനവശേഷിക്കുന്നു<br>Written By: Maya Krishnan (Auditor, On 16-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു<br>Written By: Maya Krishnan (Auditor, On 20-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 31-08-2021) | 1-13 |
| 14 | തേനീച്ച വളർത്തൽ പദ്ധതി -സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 10-09-2021) | 1-14 |
| 15 | വനിതാ കാർഷിക വിപണന കേന്ദ്രത്തിന് കുഴൽകിണർ- മതിയായ തുക നല്കിയില്ല- പ്രോജക്ട് നടപ്പായില്ല-ചെലവ് തടസ്സം<br>Written By: M.S.Rajeev (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-15 |
| 16 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-16 |
| 17 | ആയുർവേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-17 |
| 18 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-18 |

| | | |
|---|---|---|
| | Written By: Susaniamma Thomas (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | |
| 19 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: Anitta P Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-19 |
| 20 | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സ്ട്രീറ്റ് ലൈറ്റ് ലൈൻ സ്ഥാപിക്കൽ -പൂർത്തീകരിച്ചില്ല<br>Written By: M.S.Rajeev (Audit Officer, On 20-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-20 |
| 21 | വീട് അറ്റകുറ്റപ്പണി -ഗുണഭോക്താവിന് തുക ലഭ്യമായിട്ടില്ല.<br>Written By: Anitta P Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-21 |
| 22 | തുക ചിലവഴിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച്<br>Written By: Anitta P Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-22 |
| 23 | ഫയൽ ഹാജരാക്കാത്തത്<br>Written By: Anitta P Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-23 |
| 24 | വാർഷിക പ്രൊക്യുയർമെന്റ് പ്ലാനിംഗ് നടത്തിയില്ല<br>Written By: Susaniamma Thomas (Audit Officer, On 18-07-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-09-2021) | 1-24 |
| 25 | ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.<br>Written By: M.S.Rajeev (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 25-09-2021) | 1-25 |
| 26 | അഡ്വാൻസ് തുക തിരിച്ചു പിടിക്കാത്തത് സംബന്ധിച്ച്<br>Written By: Maya Krishnan (Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-26 |
| 27 | എസ്.- എസ്.എ. വിഹിതം അടയ്ക്കൽ- വിനിയോഗ വിവരം ഇല്ല.<br>Written By: E.V.Gibi (Asst. Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 01-09-2021) | 1-27 |
| 28 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിതരണം ചെയ്യാതെ അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: E.V.Gibi (Asst. Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-28 |
| 29 | ലൈഫ് പദ്ധതി അവലോകനം<br>Written By: Susaniamma Thomas (Audit Officer, On 22-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-29 |
| 30 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 09-09-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 10-09-2021) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 17-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 4-3 |
| 4 | | 4-4 |

| | | |
|---|---|---|
| | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Susaniamma Thomas (Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-07-2021) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 25-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 17-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Susaniamma Thomas (Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 4-8 |
| 9 | ചാർജ്ജ് ,സർചാർജ്ജ്<br>Written By: Susaniamma Thomas (Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 25-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 12-07-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

7.03.20-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച ബജറ്റ് 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു. 177136042 രൂപ വരവും 173305954 രൂപ ചെലവും 3830088 രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 23.02.2021-ലെ 2(1) തീരുമാന പ്രകാരം അംഗീകരിച്ചു. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെനിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റികൾ പരിഗണിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖ ഹാജരാക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി നം.13 ന് മറുപടി നല്കിയിട്ടില്ല. സെക്രട്ടറി ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നില്ല.

നികുതി ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

സ്ഥാപനത്തിന്റെ നികുതി ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 2020-21 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരുമാനം (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം) | വ്യതിയാനം |
|---|---|---|---|
| വസ്തു നികുതി | 2500,000 | 2416801 | 83199 |
| തൊഴിൽ നികുതി | 3000,000 | 2955310 | 44690 |
| ആകെ | 5500000 | 5372111 | 127889 |

റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

| ഇനം | 2019-20 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ ചെലവ് (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം | വ്യതിയാനം |
|---|---|---|---|
| ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ | 13442000 | 13102084 | 339916 |
| ഭരണ ചെലവുകൾ | 1425000 | 1247844 | 177156 |
| സംരക്ഷണവും നടത്തിപ്പും | 2545000 | 2325682 | 219318 |
| പലിശ അനുബന്ധ ചെലവുകൾ | 5000 | 600930 | 595930 |
| ആകെ അനിവാര്യ ചെലവുകൾ | 17417000 | 17276540 | 140460 |

പലിശ അനുബന്ധ ചെലവുകൾ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ 595930 അധികരിച്ചതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) 6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും

ചെലവാക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മറ്റ് റവന്യൂ ചെലവുകളാവട്ടെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ കുറവാണെന്നു കാണുന്നു. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 22.06.2021 | | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18470638 |
| വരവ് | 93946507 |
| ആകെ | 112417145 |
| ചെലവ് | 85785086 |
| നീക്കിയിരിപ്പ്- | 26632059 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 20209514 | 20209514 | 19893025 | 316489 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 3497201 | 3497201 | 2582298 | 914903 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 8404532 | 8404532 | 7442864 | 961668 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 8967000 | 8967000 | 7533002 | 1433998 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 6060079 | 6060079 | 4024798 | 2035281 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 13815753 | 13815753 | 7839227 | 5976526 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോർമൻസ്ഗ്രാന്റ് (ACR പ്രകാരം | - | 8300000 | 8300000 | 869209 | 7430791 |
| എം.ജി.എൻ ആർ ഇ ജി എസ് | 1294 | 2192063 | 2193357 | 2181108 | 12249 |
| | | 43078108 | 43078108 | 43078108 | |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ചേർക്കുക) | | | | | |
| ടോട്ടൽ സാനിട്ടേഷൻ ഗ്രാന്റ് | 25000 | - | 25000 | - | 25000 |
| ശുചിത്വ മിഷൻ | 279931 | 2046934 | 2326865 | 748480 | 1578385 |
| വെസ്റ്റേൺ ഗാട്ട് | 5500 | - | 5500 | - | 5500 |
| എൻ ആർ എച്ച് എം | 409698 | - | 409698 | 22950 | 386748 |
| ഐ സി ഡി എസ് | 1851662 | 897521 | 2749183 | 612441 | 2136742 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ചേർക്കുക) | | | | | |
| ലൈഫ് സംസ്ഥാന വിഹിതം | 275468 | 6920000 | 7195468 | 5420228 | 1775240 |
| ജലനിധി | 2533609 | 2798738 | 5332347 | 33000 | 5299347 |
| പകർച്ചവ്യാധി നിയന്ത്രണം | - | 500000 | 500000 | 71465 | 428535 |
| വിമുക്തി കിലട്രെയിനിംഗ് | 25000 | 18787 | 43787 | 13100 | 30687 |
| എസ്.റ്റി തൊഴിൽ പരിശീലനം | 28800 | - | 28800 | - | 28800 |
| പട്ടിക വർഗ്ഗവികസന വകുപ്പ് | 3701222 | 800000 | 4501222 | 1810686 | 2690536 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്ബ്ലോക്ക് പഞ്ചായത്ത് | 1040931 | 2004403 | 3045334 | 1080000 | 1965334 |

## 1-5 പദ്ധതി അവലോകനം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം. | അടങ്കൽ | നടപ്പാക്കിയപദ്ധതികളുടെ എണ്ണം. | ചെലവ്₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം. | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 29 | 5469001 | 27 | 3313341 | 2 | 60.58 |
| വെറ്ററിനറി സർജൻ | 15 | 4339663 | 15 | 3147643 | - | 72.53 |
| മെഡിക്കൽ ഓഫീസർ പിഎച്ച് സി | 14 | 2555321 | 9 | 1690936 | 5 | 66.17 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 250000 | 1 | 250000 | - | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 6 | 1400000 | 6 | 1358110 | - | 97 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2241000 | - | - | 2 | 00 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 9 | 4936853 | 6 | 2833311 | 3 | 57 |
| ഡയറി എക്സ്റ്റൻഷൻ | 2 | 1800000 | 2 | 1200000 | - | 66.67 |

| | | | | | | |
|---|---|---|---|---|---|---|
| ഓഫീസർ | | | | | | |
| സെക്രട്ടറി | 24 | 10560854 | 16 | 8205214 | 8 | 77.69 |
| ഹെഡ് മാസ്റ്റർ എൽ പി എസ് | 11 | 1712766 | 8 | 1403957 | 3 | 81.97 |
| വി ഇ ഓ | 21 | 41502972 | 16 | 17190960 | 5 | 41.42 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 118 | 36544029 | 82 | 22989924 | 36 | 62.91 |
| അസി. സെക്രട്ടറി | 9 | 1525000 | 6 | 1135000 | 3 | 74.42 |
| ആകെ | 261 | 114837459 | 194 | 64718396 | 67 | 56.35 |

261 പദ്ധതികൾക്കായി ₹114837459/- വകയിരുത്തിയിരുന്നുവെങ്കിലും 194 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്.

(₹64718396/- മാത്രമാണ് ചെലവ്) വി.ഇ.ഒ ക്ക് വകയിരുത്തിയ തുകയിൽ 41% മാത്രമാണ് ചെലവഴിച്ചത്.

2. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ട് | മേഖല | പ്രോജക്റ്റിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|
| പൊതു വിഭാഗം | ഉത്പാദനം | 36 | 12737558 | 7099202 |
| | സേവനം | 85 | 58324150 | 30636798 |
| | പശ്ചാത്തലം | 80 | 23224287 | 15789456 |
| പട്ടിക ജാതി വിഭാഗം | ഉത്പാദനം | 16 | 427163 | 191255 |
| | സേവനം | 10 | 4235801 | 2122229 |
| | പശ്ചാത്തലം | 2 | 1091142 | 496105 |
| പട്ടിക വർഗ്ഗ വിഭാഗം | ഉത്പാദനം | 10 | 1897901 | 1253213 |
| | സേവനം | 19 | 9221005 | 5692100 |
| | പശ്ചാത്തലം | 13 | 3678452 | 1438038 |
| ആകെ | | 261 | 114837459 | 64718396 |

പ്രാദേശിക വികസനം ലക്ഷ്യമാക്കി വിവിധ മേഖലകൾക്ക് അനുവദിച്ച സർക്കാർ ധനസഹായം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഫലപ്രദമായി വിനിയോഗി ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1264 | 2192063 | 2193357 | 2181108 | 12249 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 43078108 | 43078108 | 43078108 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40800 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 997400 | 73 |
| വിധവാപെൻഷൻ | 9738200 | 664 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 25458800 | 1917 |
| വികലാംഗപെൻഷൻ | 3071300 | 224 |
| അവിവാഹിതർക്കുള്ള പെൻഷൻ | 494500 | 37 |

1-7-1 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9590/-യുടെ ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.04.2021 മുതൽ | 2/20 മുതൽ6/20 വരെ | 05.05.2021 |

| | | | |
|---|---|---|---|
| | 20.04.2021 വരെ | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.09.2009 | 2007-08 മുതൽ 2008-09 വരെ | 09.11.2009 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വരവ്, കുടിശ്ശിക തുകകളുമായി വാർഷിക കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.
2)തൻവർഷ കടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
3)ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വാർഷികകണക്കുകളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
4)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക കണക്കാക്കിയതിനുള്ള വർക്ക്ഷീറ്റ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.
5)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് ഐ 18 ൽ പ്രീപെയ്ഡ് എക്സ്പെൻഡിച്ചർ എന്ന ഇനത്തിൻ – 2193234 കാണിച്ചിരിക്കുന്നു എന്നാൽ ആയതിന് ഉപോൽബലകമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-12 വാടക ഈടാക്കാനവശേഷിക്കുന്നു

| ക്രമ നം. | റൂം നമ്പർ | വാടകക്കാരൻ | മാസവാടക | കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് മുകളിലത്തെ നില റൂം1 | ജില്ലാ പട്ടികജാതി വികസന ഓഫീസ്, ഇടുക്കി | 1386*12= ₹16,632/- | ₹16,632/- | വാടകക്കാരുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| 2 | ബസ് സ്റ്റാന്റ് മുകളിലത്തെ നില റൂം | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, ഇടുക്കി | 1590*12= ₹16,632/- | ₹1590/- | |

വാടകക്കാരിൽ നിന്നും കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി വിവരമറിയിക്കാത്തപക്ഷം കുടിശ്ശിക തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു

അറക്കുളം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു.

| ക്ര നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബിവറേജസ് കോർപ്പറേഷൻ | I |
| 2 | ബി.എസ്.എൻ.എൽ. , അറക്കുളം | I & II |
| 3 | പോസ്റ്റ് ഓഫീസ് , മൂലമറ്റം ഈസ്റ്റ് | II |
| 4 | പോസ്റ്റ് ഓഫീസ്, ഇലപ്പള്ളി | II |

ഈടാക്കാനവശേഷിക്കുന്ന തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-14 തേനീച്ച വളർത്തൽ പദ്ധതി -സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

പദ്ധതി നമ്പർ 192/20-21 (സ്പിൽ ഓവർ)

1)പദ്ധതി-തേനീച്ച വളർത്തൽ (ജനറൽ)

നിർവ്വഹണം – കൃഷി ഓഫീസർ

പ്ലാൻ ഫണ്ട്-136048 ബിൽ നമ്പർ 20100152001901220619 തിയതി 8-3-2021

ഗുണഭോക്തൃ വിഹിതം- 90698

14-02-2018 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 22/2018/ത.സ്വ.ഭ.വ പ്രകാരം തേനീച്ച വളർത്തൽ പദ്ധതിയിൽ ഒരു ഗുണഭോക്താനിന് രണ്ട് കൂട് നല്കാവുന്നതാണ്. ഒരു സെറ്റ് തേനീച്ചയും കൂട്ടം ഉൾപ്പെടെയുള്ള വില യൂണിറ്റ് കോസ്ററായി ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതുമാണ്.ഇടുക്കി ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ഉത്തരവ് പ്രകാരം തേനീച്ച വളർത്തലിന് രൂ.1250/- ആണ് യൂണിറ്റ് കോസ്റ്റ് ആയി നിശ്ചയിച്ചിരിക്കുന്നത്. മാർഗ്ഗ രേഖ പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 60 % ജനറൽ വിഭാഗത്തിനും 75% പട്ടിക വിഭാഗത്തിനും എന്നിങ്ങനെയാണ് അനുവദനീയമായ സബ്സിഡി നിരക്ക്. എന്നാൽ പദ്ധതി നടത്തിയപ്പോൾ യൂണിറ്റ് കോസ്റ്റ് പരിഗണിക്കാതെ യൂണിറ്റ് ഒന്നിന് ₹2223/- നിരക്കിലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിരിക്കുന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| നല്കിയ യൂണിറ്റുകൾ | 102 യൂണിറ്റിന് ചിലവായ തുക | നല്കിയ സബ്സിഡി | നല്കാവുന്നത് | അധികം നല്കിയത് |
|---|---|---|---|---|
| 102 | 2223*102=226746 | 226746*60%=136048 | 127500*60%=76500(1250 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചത് പ്രകാരമുള്ള തുക) | 136048-76500=59548 |

2)പദ്ധതി നമ്പർ-194/20-21

പദ്ധതി-തേനീച്ച വളർത്തൽ (എസ്.ടി)

പ്ലാൻ ഫണ്ട്-റ്റി.എസ്.പി-55011/ബിൽ നമ്പർ 20100152001901220616 തീയതി 8-3-2021

ഗുണഭോക്തൃ വിഹിതം- 18348/

| നല്കിയ യൂണിറ്റുകൾ | 33 യൂണിറ്റിന് ചിലവായ തുക | നല്കിയ സബ്സിഡി | നല്കാവുന്നത് | അധികം നല്കിയത് |
|---|---|---|---|---|
| 33 | 2223*33=73359 | 73359*75%=55019 | 33*1250=41250*75%=30938 (1250 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചത് പ്രകാരമുള്ള തുക) | 55019-30938=24081 |

യൂണിറ്റ് കോസ്റ്റ് അധികരിച്ച് സബ്സിഡി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 14 തീയതി 18/07/2021 നൽകി. ചെറു തേനീച്ച പെട്ടികൾക്ക് മാർക്കറ്റിൽ 2500/- രൂപയ്ക്ക് മുകളിൽ വിലയുള്ള സാഹചര്യത്തിലാണ് 2223/- രൂപ ഒരു യൂണിറ്റിന് എന്ന നിരക്കിൽ പെട്ടികൾ വിതരണം ചെയ്തത് എന്നും 1250/- രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചത് വൻതേനീച്ചകളെ ഉദ്ദേശിച്ചാണ് എന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. എന്നാൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 2019-20-ലെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചത് പ്രകാരം തേനീച്ചയും കൂട്ടം ഉൾപ്പെടെ ₹ 1250/- ആണ് യൂണിറ്റൊന്നിന് കോസ്റ്റ് നിർണ്ണയിച്ചിട്ടുള്ളത്. ചെറുതേനീച്ചയ്ക്ക് പ്രത്യേകമായി യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടില്ല. ഈ കാരണങ്ങളാൽ യൂണിറ്റ് കോസ്റ്റ് അധികരിച്ച് ചെയ്ത ചിലവ് അംഗീകരിക്കത്തക്കതല്ല. അതിനാൽ അധികം ചെലവ് ചെയ്ത തുക 83629/- (59548+24081) പദ്ധതി നിർവ്വഹണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കുകയോ അധിക ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

## 1-15 വനിതാ കാർഷിക വിപണന കേന്ദ്രത്തിന് കുഴൽകിണർ- മതിയായ തുക നല്കിയില്ല- പ്രോജക്റ്റ് നടപ്പായില്ല-ചെലവ് തടസ്സം

പ്രോജക്റ്റ് നം.290/2021 അടങ്കൽ ₹200000/-

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ചെലവ് ₹200000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ നം.20100152002400722911 തീയതി- 13.11.2020

മൂലമറ്റം ടാക്സി സ്റ്റാന്റിന സമീപമുള്ള കാർഷിക വിപണന കേന്ദ്രത്തിന് കുഴൽക്കിണറും പമ്പ് സെറ്റും സ്ഥാപിക്കുന്നതിനായി മേൽ ബിൽ പ്രകാരം ₹200000/- ഭൂജലവകുപ്പിന്റെ പേരിലുള്ള 710051400000026 നമ്പർ ട്രഷറി അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. 30.10.2020 ൽ GWDI/921/20 നമ്പരായി ഭൂജലവകുപ്പ് ഇടുക്കി ജില്ലാ കാര്യാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ₹230000/- ഒടുക്കേണ്ടതായിരുന്നുവെങ്കിലും ₹200000/- മാത്രം അടങ്കൽ നിശ്ചയിച്ചതിനാൽ വകയിരുത്തിയ മുഴുവൻ തുകയും ഒടുക്കിയിട്ടും പദ്ധതി നടപ്പായിട്ടില്ല. ബാക്കി ഒടുക്കേണ്ട ₹30000/- ഇതു വരെയും ഒടുക്കിയിട്ടില്ല. തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള വിവരം കത്ത് മുഖേന ഭൂജലവകുപ്പിനെ അറിയിച്ചിട്ടുമില്ല. ശേഷിക്കുന്ന തുക കൂടി നല്കി പദ്ധതി പൂർത്തീകരിക്കുന്നതു വരേയ്ക്കും ₹200000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്തു നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ആയുർവേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

ട്രൈബൽ മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ മരുന്നു ലഭിക്കുന്നതിനായി തൃശ്ശൂർ ആയുർധാര ഫാർമസ്യൂട്ടിക്കലിന് പണം നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി/നം. | തുക ₹ | മരുന്നുകൾ ലഭിച്ചത് | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | ട്രൈബൽ ആശുപത്രിക്ക് മരുന്നുവാങ്ങൽ (142/21) | 250000 ബിൽ നം.432143/20-21/ 17.08.20 | 221063 | 28937 |
| 2 | വയോജനങ്ങൾക്കായി എസ്.റ്റി കോളനികളിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ്(144/21) | 350000 ബിൽ നം.261987/20-21/ 15.3.21 | 260545 | 89455 |
| 3 | സ്ത്രീകൾക്കായി എസ് റ്റി കോളനികളിൽ മെഡിക്കൽ ക്യാമ്പ് (143/21) | 180000 ബിൽ നം./തീയതി 6899/17.03.2021 | 136762 | 43238 |

അവശേഷിക്കുന്ന 161630 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 678471/12.11.2020 | 250000 |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ മരുന്ന് വാങ്ങൽ പദ്ധതിയിൽ മേൽ സൂചിത ബിൽപ്രകാരം മരുന്നു ലഭിക്കുന്നതിനായി തൃശ്ശൂർ ഹോംകോ എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ടെങ്കിലും 100000/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 150000/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പദ്ധതി നമ്പർ-275/2021

ചക്കസംസ്കരണം വിഹിതം നല്കൽ

ബിൽ നമ്പർ-2010015200190113 5978/24.2.2020

തുക രൂ.300000/-

നിർവ്വഹണം-കൃഷി ഓഫീസർ

2020-21 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചക്ക സംസ്കരണം എന്ന പദ്ധതിയ്ക്ക് വേണ്ടി രൂ.300000/- ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ട് നമ്പർ 346702010021814 ലേക്ക് നല്കിയിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ രൂ.3,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സ്ട്രീറ്റ് ലൈറ്റ് ലൈൻ സ്ഥാപിക്കൽ -പൂർത്തീകരിച്ചില്ല

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സ്ട്രീറ്റ് ലൈറ്റ് ലൈൻ സ്ഥാപിക്കൽ (S0151/17) എന്ന പദ്ധതി നടപ്പാക്കുന്നതിനായി 2016-2017 വർഷം കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷന്റെ എസ്റ്റിമേറ്റ് പ്രകാരം ₹9,89,470/- പിൻവലിച്ച് (ബിൽ നം.38/16പദ്ധതി -17/30.3.17/989470/-) കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ കെ.എസ്.ഇ.ബി. ടി പദ്ധതി ഏറ്റെടുത്തുകൊണ്ട് എഗ്രിമെന്റ് വയ്ക്കുകയോ പദ്ധതി നടപ്പാക്കുകയോ ചെയ്തിരുന്നില്ല.എന്നാൽ ടി പദ്ധതി സ്പിൽ ഓവർ പദ്ധതിയായി 2018-2019 ൽ ഉൾപ്പെടുത്തി ആയതിൻ പ്രകാരം 544328/- കെ.എസ്.ഇ.ബി ക്ക് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും 2020-2021 ഓഡിറ്റ് വർഷം വരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 വീട് അറ്റകുറ്റപ്പണി -ഗുണഭോക്താവിന് തുക ലഭ്യമായിട്ടില്ല.

പദ്ധതി-149/20-21

പദ്ധതി-വീട് അറ്റകുറ്റപ്പണി(എസ്സ്.സി)

BRN-2010015200180122 0528/10-3-2021തുക രൂ.300000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ -വി.ഇ.ഓ

വി.ഇ.ഓ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം നാല് ഗുണഭോക്താക്കൾക്കായി വീട് അറ്റകുറ്റപ്പണിക്കായി രൂ.75000/ വീതം നല്കിയിട്ടുണ്ട്.എന്നാൽ രാധ രാജു എന്ന ഗുണഭോക്താവിന് അക്കൗണ്ടിൽ രൂ.75000/- (Ac No-349302010007091) ലഭ്യമായിട്ടില്ല. ഗുണഭോക്താവ് ആക്ടീവ് അല്ലാത്ത അക്കൗണ്ട് നമ്പർ നൽകിയതിനാലാണ് തുക അക്കൗണ്ടിൽ ലഭ്യമാകാതിരുന്നത് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 18-ന് (തീയതി 20/07/2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി തുക ഗുണഭോക്താവിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 തുക ചിലവഴിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച്

വി.ഇ.ഒ യുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭ്യമായ തുകയിൽ സംസ്ഥാന വിഹിതമിനത്തിൽ രൂ.1774772/-യും (സെക്രട്ടറി അറക്കുളം ഗ്രാമപഞ്ചായത്ത് AcNo-67394098929), ബ്ലോക്ക് വിഹിതമിനത്തിൽ രൂ.1368664/-യും (സെക്രട്ടറി&പ്രസിഡന്റ് AcNo-40363101020171) 2020-21 സാമ്പത്തിക വർഷം നീക്കിയിരിപ്പുണ്ട്. പദ്ധതി തുക ഫലപ്രദമായി ചെലവഴിക്കുന്നതിനായി ഭരണസമിതികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഫയൽ ഹാജരാക്കാത്തത്

2019-20, 2020-21 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ താഴെ പറയുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| 2019-20 | പദ്ധതി നമ്പർ/പദ്ധതി | ചെലവ് തുക |
|---|---|---|
| | 259/2019-20 ,കക്കൂസ് നിർമ്മാണം(ഒ.ഡി.എഫ്) | 9000/- |
| 2020-21 | 254/20-21 സ്വച്ഛ ഭാരതമിഷൻ കക്കൂസ് നിർമ്മാണം | 14240/- |

| | | |
|---|---|---|
| | 261/20-21 പ്രളയത്തിൽ കക്കൂസ് നഷ്ടപ്പെട്ടവർക്ക് കക്കൂസ് നിർമ്മാണത്തിന് ധനസഹായം | 9240/- |
| | 262/20-21 കക്കൂസ് നിർമ്മാണം(ഒ.ഡി.എഫ്) | 6400/- |

ഫയൽ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 17/20.07.2021-നൽകിയിട്ടുണ്ട്.

ഫയൽ ഹാജരാക്കാത്തതിനാൽ രൂ.38880/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് നടത്തിയില്ല

സർക്കാർ ഉത്തരവ് ജി(ഒ പി)259/2010/എൽ.എസ്.ജി.ഡി തിയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധസ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാൻ തൻ വർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 04 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2020-21 | 04 | 9090 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-26 അഡ്വാൻസ് തുക തിരിച്ചു പിടിക്കാത്തത് സംബന്ധിച്ച്

അഡ്വാൻസ് രജിസ്റ്റർ പ്രകാരം 20-8-2015-ൽ ശ്രീമതി സുശീല കെ.എൻ. അസിസ്റ്റന്റ് സെക്രട്ടറിക്ക് ഫെസ്റ്റിവൽ ഇനത്തിൽ രൂ.10000/- നല്കിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ രൂ. 2000/- നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. രൂ.2000/- നാളിതുവരെയുള്ള പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-27 എസ്.- എസ്.എ. വിഹിതം അടയ്ക്കൽ- വിനിയോഗ വിവരം ഇല്ല.

2020-21 സാമ്പത്തിക വർഷം സമഗ്ര ശിക്ഷ കേരളയുടെ ഭാഗമായി അറക്കുളം ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് വിഹിതമായി താഴെ പറയുന്ന

₹1186216/- വകയിരുത്തി പദ്ധതി ഏറ്റെടുക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥയായ എച്ച്.എം.ജി.എൽ.പി.എസ്. പതിപ്പള്ളി, എസ്.എസ്.കെ. ഇടുക്കി ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്

| ക്രമ നം. | ഇനം | ബിൽ നം. തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | എസ്.എസ്.എ. വിഹിതം (ജനറൽ) | 719595/11.11.2020 | 400000/- | കൈപ്പറ്റ് രസീതും വിനിയോഗ വിവരവും ഇല്ല |
| 2 | എസ്.എസ്.എ. വിഹിതം (എസ്.സി.പി.) | 719596/11.11.2020 | 126000/- | കൈപ്പറ്റ് രസീതും വിനിയോഗ വിവരവും ഇല്ല |
| 3 | എസ്.എസ്.എ. വിഹിതം (ടി.എസ്.പി.) | 719598/11.11.2020 | 660216/- | കൈപ്പറ്റ് രസീതും വിനിയോഗ വിവരവും ഇല്ല |
| | ആകെ | | 1186216/- | |

പദ്ധതി ആസൂത്രണം ചെയ്ത പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിൽ തുക വിനിയോഗിച്ചതിന്റെ യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. ടി തുകയുടെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹1186216/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിതരണം ചെയ്യാതെ അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | S0164/21, ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| അടങ്കൽ | ₹500000/- വികസന ഫണ്ട്<br>₹150000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹150000/- ജില്ലാ പഞ്ചായത്ത് വിഹിതം |

2019-20 വർഷം ഏറ്റെടുത്തതും 2020-21 വർഷം നടപ്പാക്കിയതുമായി മേൽ പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹150000/- 23.04.2020 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അറക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 79901140003273 നമ്പർ ട്രഷറി അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും നളിതുവരെ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ട്രഷറി വഴി ഗുണഭോക്താക്കൾക്ക് പണം വിതരണം ചെയ്യുന്നതിൽ ഉണ്ടായ ചില സാങ്കേതിക പ്രശ്നം മൂലമാണ് പണം ചെലവിക്കുവാൻ കഴിയാത്തതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി തുക പിൻവലിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ചെലവഴിക്കാത്ത സാഹചര്യത്തിൽ അടിയന്തിരമായി തുക സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-29 ലൈഫ് പദ്ധതി അവലോകനം

ഫണ്ട് വിശദാംശങ്ങൾ

| 2020-21 | പ്ലാൻ ഫണ്ട് | സംസ്ഥാന വിഹിതം | ബ്ലോക്ക് വിഹിതം |
|---|---|---|---|

| | | | |
|---|---|---|---|
| മുൻബാക്കി | | 275468 | 646600 |
| തൻവർഷവരവ് | 4800000 | 6920000 | 1802064 |
| ചിലവ് | 4540000 | 5420228 | 1080000 |
| നീക്കിയിരിപ്പ് | 260000 | 1774772 | 1368664 |

ഭവന നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ

| എഗ്രിമെന്റ് വച്ചവർ | മേൽക്കൂര പൂർത്തീകരിച്ചവർ | പണി പൂർത്തീകരിച്ചവർ |
|---|---|---|
| ജനറൽ-81 | 7 | 74 |
| എസ്.സി-16 | 1 | 15 |
| എസ്.ടി-27 | 1 | 26 |

## 1-30 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് 19 മഹാമാരിയെ ഫലപ്രദമായി നേരിടുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അറക്കുളം ഗ്രാമപഞ്ചായത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനവും വിലയിരുത്തലും നടത്തുന്നതിനായി ആദ്യ പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത് 27/03/2020- ലാണ്. തുടർന്ന് 02/04/2020, 06/05/2020 തീയതികളിൽ പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്ന് തുടർ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. 19/05/2020-ൽ 20 യൂത്ത് വോളണ്ടിയർമാർക്ക് പരിശീലനം നൽകി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി നിയമിച്ചിട്ടുണ്ട്. കൂടാതെ ആർ.ആർ.റ്റി മെമ്പേഴ്സിനേയും പ്രാഥമികാരോഗ്യകേന്ദ്രം വഴി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. പ്രസിഡന്റ് ചെയർമാനായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡസ്ക്, വാർ റൂം രൂപീകരണവും നടന്നിട്ടുണ്ട്.

എഫ്.എൽ.റ്റി.സി.യുടെ പ്രവർത്തനത്തിനായി സർക്കാരിൽ നിന്നും ലഭിച്ച ₹ 5,00,000/- യിൽ നടത്തിപ്പിനായി ₹ 71,984/- യും കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനത്തിനായി ചെലവഴിച്ച 57,000/-യും ഉൾപ്പെടെ ആകെ ₹128984/- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. 10 പൾസ് ഓക്സി മീറ്ററുകൾ വാങ്ങി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുള്ളതും സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമാണ്. വിവിധ കമ്മിറ്റികൾ നിയമപ്രകാരം ഓൺലൈനായി ചേർന്നിട്ടുണ്ട്. ദുരന്ത നിവാരണ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ആസൂത്രണ മാർഗ്ഗരേഖ തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ളതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന് സംഭാവനയിനത്തിൽ ലഭിച്ച ₹ 2000/- യും കോവിഡ് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. സംഭാവനകൾ സ്വീകരിക്കുന്നതിനായി അറക്കുളം SCB യിൽ 2-1537 നമ്പറായി പ്രത്യേക അക്കൗണ്ടും ആരംഭിച്ചിട്ടുണ്ട്. സാഫല്യം കുടുംബശ്രീ യൂണിറ്റാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ദിവസ വേതനാടിസ്ഥാനത്തിൽ 2 പേരെ നിയമിച്ച് വേതനമിനത്തിൽ ₹ 16,000/- നൽകുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്കായി തുകയൊന്നും ലഭ്യമായിട്ടില്ല. റേഷൻ കടയിൽ നിന്നും ഭക്ഷ്യധാന്യങ്ങളും ലഭ്യമായിട്ടില്ല. തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി ഭക്ഷ്യ ധാന്യങ്ങളുടെ ഉൽപാദനത്തിനായി ₹ 819500/- വിനിയോഗിച്ചിട്ടുണ്ട്.

പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുകയോ ഫണ്ട് വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദരോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ഫസ്റ്റ് ബെൽ പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. സുഭിക്ഷ കേരളം പദ്ധതിയിൽ തരിശ് പാടത്ത് നെൽകൃഷി, പച്ചക്കറി കൃഷി, വാഴ കൃഷി, മരച്ചീനി, മറ്റ് കിഴങ്ങ് വർഗ്ഗങ്ങളും കൃഷി ചെയ്തു വരുന്നു. ഇതിനായി ചെലവഴിച്ചത് 819500/- യാണ്. കൃഷിഭവന്റെ നേതൃത്വത്തിൽ തൃപ്തികരമായ രീതിയിൽ നടന്നുവരുന്നു. ആവശ്യമായ ഭൗതികസാഹചര്യം ഒരുക്കി പഞ്ചായത്തിൽ സി.എഫ്.എൽ.റ്റി.സി.കൾ ആരംഭിച്ചിട്ടുള്ളതും ഇതിനായി ചെലവഴിച്ച തുക 71984/-യാണ്. ടി പ്രവർത്തനങ്ങൾക്കായി 500000/- ലഭിച്ചിട്ടുണ്ട്. തൃപ്തികരമായി പ്രവർത്തിച്ച് വരുന്നതുമാണ്. സാഫല്യം കുടുംബശ്രീ യൂണിറ്റിന്റെ പേരിൽ കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചിട്ടുള്ളതും 2 പേർക്കായി വേതനം ഇനത്തിൽ 16000/- നൽകിയിട്ടുണ്ട്. സംഭാവന ഇനത്തിൽ 2000/- മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-2021 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് തുക | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 105686 | 2019-2020 | 0 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 0 | 105686 |
| ബ്ലോക്ക് പഞ്ചായത്ത് | 250000 | 2019-2020 | 0 | വൃക്കരോഗികളുടെ ഡയാലിസിസ് | 0 | 250000 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2020-2021 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 35345 | 2019-2020 | 800000 പലിശ - 32339 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 800000 | 67684 |
| ബ്ലോക്ക് പഞ്ചായത്ത് | 646600 | 2019-2020 | 560000 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 0 | 1206600 |
| ബ്ലോക്ക് പഞ്ചായത്ത് | 3300 | 2020-2021 | 442064 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 280000 | 165364 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2020-2021 | 20000 | കമ്മ്യൂണിറ്റി കിച്ചൻ | 0 | 20000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ

നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് തൊടുപുഴ | കുഴൽ കിണർ നിർമ്മാണം വനിതാ കാർഷിക വിപണനകേന്ദ്രം | 22000725/11.11.2020 | 200000 | 0 | 200000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 47,20,000/ -രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി/ വായ്പ തുക | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | ജി.ഒ എം.എസ് നം. 1577/2015/ തസ്വഭ/ തി.27.05.2015 | 0 | 12400000 | 2500000 | 600000 | 9900000 |
| ലൈഫ് ഭവന പദ്ധതി- കെ.യു.ആർ.ഡി എഫ്.സി | ജി.ഒ എം.എസ് നം. 68/2018/ തസ്വഭ/ തി.18.08.2018 | 4720000 | 13761176 | 1947176 | 0 | 16534000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 763/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-2002 | 4 | 763/- | ശ്രീ.എൻ.വി.ജെയിംസ് , സെക്രട്ടറി | 12006090005/05.01.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രത്യേക ഓഡിറ്റ് | | 2012-13 | 2-4 | ലഘു അവലോകനം, റിപ്പോർട്ടുകൾ | ലഭ്യമല്ല |
| പ്രത്യേക ഓഡിറ്റ് | | 2013-14 | 5-2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും | ലഭ്യമല്ല |

## 4-9 ചാർജ്ജ് ,സർചാർജ്ജ്

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

ഇല്ല

ബി)സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 32 | എം. എസ്. അന്നക്കുട്ടി, സെക്രട്ടറി | LF-28318/Spl. Cell/SC2/99 Dt.16.1.2002 | 2219 | 2219/- നം..330/ 61030/ 31.3.2000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 2 | 1996-97 | 34 | ജയ്സമ്മ ജോസുകുട്ടി, പ്രസിഡന്റ് | LF-28318/Spl. Cell/SC2/99 Dt.16.1.2002 | 6000 | 6000/- 27/10380/ 3.11.2001 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 3 | 2001-02 | 2-7 | തോമസ് ജേക്കബ്, അസി. എന്ജിനീയർ | LF-14471/Spl. Cell/SC2/05 Dt.16.12.06 | 1536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1536 | |
| 4 | 2003-04 | 3-5(1) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-2497/Spl. Cell/SC2/08 Dt.5.5.2010 | 8378 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8378 | |
| 5 | 2003-04 | 3-5(2) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-1975/Spl. Cell/SC2/08 Dt.5.5.2010 | 6502 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6502 | |
| 6 | 2008-09 | 2.6 | പി. എം. ജോണി, സെക്രട്ടറി | LF-1975/Spl. Cell/SC2/13 Dt.10.3.15 | 38841 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 38841 | |
| 7 | 2013-14 | 3.1 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/ 2016(1) Dt.31.3.18 | 550000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 550000 | |
| 8 | 2013-14 | 3.2 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/ 2016(2) Dt.31.3.18 | 210000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 210000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 93946507 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 85785086 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1725096 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 200000 | ശ്രീ.മധു സി.ആർ,സെക്രട്ടറി |
| 1-19 | 300000 | ശ്രീമതി സുജിതാമോൾ സി.എസ് , കൃഷി ഓഫീസർ |
| 1-23 | 38880 | 29640/- ശ്രീമതി എലിസബത്ത് (വി.ഇ.ഓ)<br>9240/- ശ്രീമതി അനിശ്രീ ജി.നായർ (വി.ഇ.ഓ) |
| 1-27 | 1186216 | ശ്രീമതി വൽസമ്മ എൻ.റ്റി.ഹെഡ്മിസ്ട്രസ്സ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മധു സി.ആർ, സെക്രട്ടറി | സെക്രട്ടറി,അറക്കുളം ഗ്രാമപഞ്ചായത്ത് | റ്റി.സി.നമ്പർ/26/853 തൈക്കാട്,തിരുവനന്തപുരം |
| ശ്രീമതി | കൃഷി ഓഫീസർ | മറ്റപ്പ്ലാക്കൽ, മൂലമറ്റം പി.ഒ. |

| | | |
|---|---|---|
| സുജിതാമോൾ<br>സി.എസ് , കൃഷി<br>ഓഫീസർ | | കിഴക്കേക്കര നഗർ. |
| ശ്രീമതി<br>എലിസബത്ത്,വി.ഇ.ഒ | വി.ഇ.ഒ,അറക്കുളം<br>ഗ്രാമപഞ്ചായത്ത് | പിണക്കാട്ട്,കാഞ്ഞാർ<br>പി.ഒ |
| ശ്രീമതി അനിശ്രീ ജി.<br>നായർ,വി.ഇ.ഒ | വി.ഇ.ഒ,അറക്കുളം<br>ഗ്രാമപഞ്ചായത്ത് | വടക്കേപൊണിയത്ത്,<br>അറക്കുളം |
| ശ്രീമതി.വത്സമ്മ<br>എൻ.റ്റി.<br>ഹെഡ്മിസ്ട്രസ്സ് | എച്ച്.എം.ജി.എൽ.പി.എസ്.<br>പതിപ്പിള്ളി | മേക്കല്ലായിൽ വീട്<br>ദേവപാറ പി.ഒ.<br>പൂച്ചപ്ര<br>ഇടുക്കി 685588 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1996-1997 | എൽ.എഫ്.ഐ.9/285/98/ 16.10.98/ 30.11.98 | 21 | 29 മുതൽ 49 വരെ |
| 1997-1998 | എൽ.എഫ്.ഐ.9/416/99/ 19.02.2000 | 16 | 1, 9, 12, 13, 14, 20, 21, 23,26 (1, 2), 27, 29 മുതൽ 32 വരെ, 34, 37 |
| 1998-1999 | എൽ.എഫ്.ഐ.9/293/2000/ 17.10.2000 | 19 | 12, 13, 14, 20 മുതൽ 26 വരെ, 30, 32, 33, 35, 39, 40,41, 42, 44 |
| 1999-2000 | എൽ.എഫ്.ഐ.9/94/02/ 26.08.2002 | 18 | 9, 21 മുതൽ 37 വരെ |
| 2000-2001 | എൽ.എഫ്.ഐ.9/114/03/ 05.04.2003 | 9 | 20, 22 മുതൽ 29 വരെ |
| 2001-2002 | എൽ.എഫ്.ഐ.9/564/03/ 19.01.2004 | 23 | 2-1, 2-3 മുതൽ 2-8 വരെ 3-1 മുതൽ 3-16 വരെ |
| 2002-2003 | എൽ.എഫ്.ഐ.9/661/05/ 08.12.2006 | 15 | 1-1, 2-1, 2-2, 3-1 മുതൽ 3-12 വരെ |
| 2003-2004 | എൽ.എഫ്.ഐ.9/448/06/ 13.10.2006 | 16 | 2-1 മുതൽ 2-5വരെ 3-1 മുതൽ 3-10 വരെ, 3-12 |

| | | | |
|---|---|---|---|
| 2014-2005 | എൽ.എഫ്.ഐ.9/1033/07/ 17.01.2008 | 18 | 2-1 മുതൽ 2-12 വരെ, 3-1, 3-3 മുതൽ 3-7 വരെ |
| 2005-2006 | എൽ.എഫ്.ഐ.9/559/08/ 21.09.2009 | 8 | 2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-3 വരെ |
| 2006-2007 | എൽ.എഫ്.ഐ.9/570/10/ 10.06.2010 | 14 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-10 വരെ |
| 2007-2008 | എൽ.എഫ്.ഐ.13/1439/13/ 06.01.2014 | 20 | 2-1 മുതൽ 2-8 വരെ 3-1 മുതൽ 3-14 വരെ |
| 2008-2009 | കെ.എസ്.എ-ഐ.ഡി.കെ.13/1030/15/ 17.10.15 | 12 | 2-2 മുതൽ 2-6 വരെ 3-1 മുതൽ 3-7 വരെ |
| 2009-2010 | കെ.എസ്.എ-ഐ.ഡി.കെ.13/305/15/ 10.05.2016 | 10 | 2-2 മുതൽ2-5 വരെ 3-1 മുതൽ 3-5 വരെ, 3-7 |
| 2010-2011 | കെ.എസ്.എ-ഐ.ഡി.കെ.13/1048/15/ 05.01.2016 | 16 | 2-2(ബി), 2-3, 2-4, 2-5, 2-6, 2-8, 2-9, 3-2 മുതൽ 3-9 വരെ |
| 2011-2012 | കെ.എസ്.എ-ഐ.ഡി.കെ.13/744/16/ 14.11.2016 | 14 | 2-2, 2-4, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15 |
| 2012- | കെ.എസ്.എ- | 15 | 2-1, 3-1, 3-2, 3- |

| | | | |
|---|---|---|---|
| 2013 | ഐ.ഡി.കെ.13/1096/2014/ 13.11.2014 | | 3, 3-6 മുതൽ 3-16 വരെ |
| 2013-2014 | കെ.എസ്.എ-ഐ.ഡി.കെ.13/1008/17/ 19.01.2018 | 25 | 2-1, 2-2, 2-3, 3-1 മുതൽ 3-22 വരെ |
| 2014-2015 | കെ.എസ്.എ-ഐ.ഡി.കെ.13945/18/ 01.09.2018 | 12 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-8 വരെ |
| 2015-2016 | കെ.എസ്.എ-ഐ.ഡി.കെ.13/1091/17/ 12.01.2018 | 9 | 3-1 മുതൽ 3-7 വരെ, 3-9, 3-10 |
| 2016-2017 | കെ.എസ്.എ-ഐ.ഡി.കെ.13/44/18/ 22.03.2018 | 17 | 2-1, 2-2, 2-5, 2-6, 2-7 3-1, 3-2, 3-4 മുതൽ 3-13 വരെ |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.13/1246/18/ 29.11.2018 | 7 | 1-12, 2-2(ബി),2-2(സി),2-3,3-1, 3-5,3-6 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ.13/741/19/ 04.09.2019 | 18 | 2-1,2-2,2-3,2-4,3-1 മുതൽ 3-14 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്